(സി) ഈ പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതേയുള്ളൂ.

(ഡി) പ്രസ്തുത വിഷയത്തിന്മേൽ പഠനം നടത്തിയിട്ടില്ല.

(ഇ) പരിശോധിക്കുന്നതാണ്.

കേരള വാട്ടർ അതോറിറ്റിക്ക് വിവിധ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

118 (715) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക എത്ര; സർക്കാർ സ്ഥാപനം, പൊതുമേഖല, സ്വകാര്യമേഖല എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ സ്ഥാപനം, പൊതുമേഖല സ്ഥാപനം, സ്വകാര്യ മേഖല സ്ഥാപനം ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം വരുത്തിയ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) 192.92 കോടി രൂപയോളം പിരിഞ്ഞു കിട്ടാനുണ്ട്. ഇതിൽ 71.92 കോടി രൂപ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 27.69 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 93.31 കോടി രൂപ സ്വകാര്യ മേഖലയിൽ നിന്നുമാണ് കിട്ടുവാനുള്ളത്. ഇതു കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കേരള വാട്ടർ അതോറിറ്റിക്ക് 225.39 കോടി രൂപ ലഭിക്കാനുണ്ട്.

(ബി) സർക്കാർ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം, പൊതുമരാമത്ത്, ആഭ്യന്തരം, വ്യവസായം, ടൂറിസം, മെഡിക്കൽ എഡ്യൂക്കേഷൻ എന്നിവയും പൊതു മേഖലാ സ്ഥാപനങ്ങളിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്, ദക്ഷിണ റയിൽവേ, കെ.എസ്.ആർ.ടി.സി എന്നിവയും സ്വകാര്യ സ്ഥാപനങ്ങളിൽ ഹെലിബ്രിയ എസ്റ്റേറ്റ്, ഇടുക്കി സുന്ദർ രാജ് മാരുതി, മലങ്കര സീ ഫുഡ്സ്, ഗോൾഫ് ലിങ്ക്സ് (സർക്കാർ ഏറ്റെടുക്കുന്നതിനു മുമ്പത്തെ കണക്കുപ്രകാരം) വിവിധ സ്വകാര്യ ഹോട്ടലുകൾ എന്നിവ ഉൾപ്പെടുന്നു.

(സി) വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly